തോട്ടനികുതി, കുത്തകപ്പാട്ടത്തുക തുടങ്ങിയ വിവിധതരം കളക്ഷനുകൾ ഊർജ്ജിതപ്പെടുത്തുന്നതിന് സാധിക്കുന്നു. വില്ലേജാഫീസുകളുടെ പരിശോധന കാര്യക്ഷമമായി നിർവ്വഹിക്കുന്നതുമൂലം അഴിമതി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ജില്ലാ കളക്ടറേറ്റുകളും താലൂക്കാഫീസുകളും ഇതിനകം തന്നെ കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞിട്ടുണ്ട്. വില്ലേജാഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നിലവിലുള്ള താലൂക്കുകളും, വില്ലേജുകളും ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിനും സെക്രട്ടേറിയറ്റ് തലം മുതൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടറേറ്റ്, താലൂക്കാഫീസ്, വില്ലേജാഫീസ് വരെയുള്ള ആഫീസുകൾ കമ്പ്യൂട്ടർശൃംഖല രൂപവൽക്കരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) റവന്യൂ വകുപ്പിൽനിന്ന് ജനങ്ങൾക്ക് സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനു കാലതാമസം ഒഴിവാക്കുന്നതിന്റെ ഭാഗമായി ഇതിനോടകം തന്നെ വില്ലേജാഫീസർമാർക്ക് കൂടുതൽ അധികാരം നൽകിയിട്ടുണ്ട്. റവന്യൂ ബോർഡ് സമ്പ്രദായം നടപ്പിലാക്കുന്നതോടുകൂടി വിവിധതരം സർട്ടിഫിക്കറ്റുകൾക്കുവേണ്ടി ജനങ്ങൾ റവന്യൂ ആഫീസുകളുമായി ബന്ധപ്പെടുന്നത് പരമാവധി ഒഴിവാക്കാൻ സഹായിക്കുന്നതാണ്.

(1494) അനധികൃത മണൽവാരൽ തടയാൻ നടപടി

ശ്രീ. സി.പി. ബാലൻവൈദ്യർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി ഉത്തരവും സർക്കാർ നിയന്ത്രണങ്ങളും ലംഘിച്ചുകൊണ്ട് സംസ്ഥാനത്തെ ഏതാനും നദികളിൽനിന്നും പുഴകളിൽനിന്നും അനധികൃതമായി മണൽവാരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ സർക്കാർ നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ നദികളിലാണ് മണലൂറ്റ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ നദികളിലെ മണൽവാരൽ നിരോധിച്ചുകൊണ്ടുള്ള കോടതി ഉത്തരവും സർക്കാർ നിയന്ത്രണങ്ങളും നടപ്പാക്കാൻ ഉത്തരവാദപ്പെട്ടവരുടെ അലംഭാവംമൂലമാണ് മണലൂറ്റു നടപടി തുടരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്തെ നദികളിൽനിന്നും അനധികൃതമായി മണൽവാരുന്നതുമൂലം കാർഷികവിളയിലുണ്ടാകുന്ന നഷ്ടവും നദിയോട് ചേർന്നുള്ള ഭൂമിയുടെ വ്യാപ്തി കുറയുന്നതും നദിയുടെ ആഴം വർദ്ധിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തുകൊണ്ട് ഭൂഗർഭ ജലവിധാനത്തിലുണ്ടാകുന്ന വ്യതിയാനവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ജി) എങ്കിൽ ഇതുമൂലമുണ്ടായിട്ടുള്ള നഷ്ടം എത്ര രൂപയുടെതെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) തിരുവനന്തപുരം ജില്ലയ്ക്കാകെ കൂടി വെള്ളത്തിന്റെ ശ്രോതസ്സായ കരമനയാറ്റിൽനിന്നും ദീർഘനാളായി മണൽവാരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ഐ) സർക്കാർ നിയന്ത്രണങ്ങളും കോടതി ഉത്തരവും പൂർണ്ണമായി നടപ്പാക്കി സംസ്ഥാനത്തെ എല്ലാ നദികളിലും നടന്നുവരുന്ന അനധികൃത മണൽവാരൽ അവസാനിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനധികൃത മണലൂറ്റ് ശ്രദ്ധയിൽപ്പെടുമ്പോൾ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഭാരതപ്പുഴ, പെരിയാർ, ചാലിയാർ, പമ്പ, കല്ലട, വാമനപുരം, ചന്ദ്രഗിരി, കരമന, മീനച്ചൽ എന്നീ നദികളിൽ നിന്ന് മണൽ വരുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി)&(ഇ) സംസ്ഥാനത്തെ നദികളിൽ നിന്നും മണലൂറ്റ് നിയന്ത്രിക്കുവാനും, നദികളെ സംരക്ഷിക്കുവാനും ജില്ലാ കളക്ടർമാരെ അദ്ധ്യക്ഷന്മാരാക്കി റിവർ മാനേജ്മെന്റ് ആന്റ് പ്ലാനിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഉത്തരവാദപ്പെട്ടവരുടെ അലംഭാവമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) റവന്യൂവകുപ്പിൽ തിട്ടപ്പെടുത്തിയിട്ടില്ല.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഐ) നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(1495) മണൽ വാരുന്നതിൽ നിന്നുള്ള വരുമാനം

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എ.കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽനിന്നും പ്രതിദിനം എത്ര ടൺ മണൽവാരുന്നുണ്ട്;

(ബി) മണൽവാരുന്നതിന് റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് ഈ ഗവണ്മെന്റ് വന്നതിനുശേഷം ഇതുവരെ എന്തു തുക ലഭിച്ചിട്ടുണ്ട്;

(സി) മണൽവാരുന്നതിനനുസരിച്ച് തുക ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly